LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

77 (1513) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം ;

(ബി) കൃഷി, ടൂറിസം, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ കീഴിൽ ഓരോന്നിലും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ യഥാസമയം പൂർത്തിയാകാത്തതു കൊണ്ട് കേരളത്തിന് നഷ്ടപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 'എ' ആയി നൽകുന്നു.*

(ബി) കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 'ബി' ആയി നൽകുന്നു.* ടൂറിസം വകുപ്പിൽ 2014-15-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നില്ല.

(സി) ഈ വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് അനുബന്ധം 'സി' ആയി നൽകുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.